എ.വൈ.ആർ

സൂറ-16

# അന്നഹ്ൽ

وَقَالَ ٱلَّذِينَ أَشْرَكُوا۟ لَوْ شَآءَ ٱللَّهُ مَا عَبَدْنَا مِن دُونِهِۦ مِن شَىْءٍ نَّحْنُ وَلَآ
ءَابَآؤُنَا وَلَا حَرَّمْنَا مِن دُونِهِۦ مِن شَىْءٍ ۚ كَذَٰلِكَ فَعَلَ ٱلَّذِينَ مِن قَبْلِهِمْ ۚ فَهَلْ
عَلَى ٱلرُّسُلِ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿٣٥﴾

وَلَقَدْ بَعَثْنَا فِى كُلِّ أُمَّةٍ رَّسُولًا أَنِ ٱعْبُدُوا۟
ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ ۖ فَمِنْهُم مَّنْ هَدَى ٱللَّهُ وَمِنْهُم مَّنْ حَقَّتْ
عَلَيْهِ ٱلضَّلَٰلَةُ ۚ فَسِيرُوا۟ فِى ٱلْأَرْضِ فَٱنظُرُوا۟ كَيْفَ كَانَ عَٰقِبَةُ
ٱلْمُكَذِّبِينَ ﴿٣٦﴾

إِن تَحْرِصْ عَلَىٰ هُدَىٰهُمْ فَإِنَّ ٱللَّهَ لَا يَهْدِى مَن يُضِلُّ ۖ وَمَا لَهُم مِّن نَّٰصِرِينَ
﴿٣٧﴾

**35.** വിഗ്രഹാരാധകർ പറയുന്നു: അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളും ഞങ്ങളുടെ പൂർവികരും അവനെയല്ലാതെ മറ്റൊന്നിനെയും ആരാധിക്കുമായിരുന്നില്ല. അവൻ കൽപിച്ചതല്ലാതെ മറ്റൊന്നും നിഷിദ്ധമാക്കുകയുമില്ലായിരുന്നു. ഇത്തരം കുതർക്കങ്ങൾ അവർക്ക് മുമ്പുള്ളവരും ഉന്നയിച്ചിട്ടുള്ളതാകുന്നു. സത്യസന്ദേശം സുവ്യക്തമായി എത്തിച്ചുകൊടുക്കുക എന്നതല്ലാതെ ദൈവദൂതന്മാർക്ക് മറ്റെന്ത് ഉത്തരവാദിത്വമാണുള്ളത്?

**36.** അല്ലാഹുവിന് വഴിപ്പെടുവിൻ, ദൈവേതര ദുശ്ശക്തികളെ വർജിക്കുവിൻ എന്ന സന്ദേശവുമായി എല്ലാ സമുദായത്തിലും നാം ദൈവദൂതനെ നിയോഗിച്ചിട്ടുണ്ട്. അങ്ങനെ ജനങ്ങളിൽ ഒരു വിഭാഗത്തെ അല്ലാഹു സന്മാർഗത്തിലേക്ക് നയിച്ചു. മറ്റൊരു വിഭാഗത്തെയാകട്ടെ മാർഗഭ്രംശം കീഴടക്കിക്കളഞ്ഞു. നിങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു നോക്കുവിൻ; സത്യ-ധർമങ്ങൾ തള്ളിപ്പറഞ്ഞവരുടെ പരിണതി എന്തായിരുന്നുവെന്ന്.

**37.** പ്രവാചകാ, അവർ സന്മാർഗം പ്രാപിക്കണമെന്ന് എത്രതന്നെ കൊതിച്ചാലും ശരി, അല്ലാഹു വഴിതെറ്റിക്കുന്നവർക്ക് അവൻ സന്മാർഗദർശനം നൽകുന്നില്ല. അത്തരക്കാരെ സഹായിക്കാൻ ആരാലും സാധ്യവുമല്ല.

وَقَالَ ٱلَّذِينَ أَشْرَكُوا۟= വിഗ്രഹാരാധകർ പറഞ്ഞു لَوْ شَآءَ ٱللَّهُ= അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ

مَا عَبَدْنَا= ഞങ്ങൾ ഇബാദത്ത് ചെയ്യു(ആരാധിക്കു)മായിരുന്നില്ല مِن دُونِهِۦ= അവനെയല്ലാതെ; കൂടാതെ مِن شَىْءٍ= യാതൊന്നിനെയും

نَّحْنُ= ഞങ്ങൾ(ളും) وَلَآ ءَابَآؤُنَا= ഞങ്ങളുടെ പിതാക്കളും(പൂർവികരും) وَلَا حَرَّمْنَا= ഞങ്ങൾ നിഷിദ്ധമാക്കുകയുമില്ലായിരുന്നു

مِن دُونِهِۦ= അവനെ കൂടാതെ(അവൻ കൽപിച്ചതിനെയല്ലാതെ) مِن شَىْءٍ= ഒരു വസ്തുവും (മറ്റൊന്നും)

كَذَٰلِكَ فَعَلَ= ഇപ്രകാരം ചെയ്തു(ഇത്തരം കുതർക്കങ്ങൾ ഉന്നയിച്ചിട്ടുള്ളതാകുന്നു ٱلَّذِينَ مِن قَبْلِهِمْ= അവർക്കുമുമ്പുള്ളവരും

فَهَلْ عَلَى ٱلرُّسُلِ= ദൈവദൂതന്മാർക്ക് ഉണ്ടോ(മറ്റെന്ത് ഉത്തരവാദിത്വമാണുള്ളത്)

നാം നിയോഗിച്ചിട്ടുണ്ട് =وَلَقَدْ بَعَثْنَا സുവ്യക്തമായ =ٱلْمُبِينُ (സത്യസന്ദേശം) എത്തിച്ചുകൊടുക്കുക(എന്നത്)അല്ലാതെ =إِلَّا ٱلْبَلَٰغُ
(ദൈവ)ദൂതനെ =رَّسُولًا എല്ലാ ഓരോ സമുദായത്തിലും =فِى كُلِّ أُمَّةٍ
എന്തെന്നാൽ നിങ്ങൾ അല്ലാഹുവിന്ന് വഴിപ്പെടുവിൻ =أَنِ ٱعْبُدُوا۟ ٱللَّهَ
ദൈവേതരദുശ്ശക്തികളെ വർജിക്കുകയും ചെയ്യുവിൻ(എന്ന സന്ദേശവുമായി) =وَٱجْتَنِبُوا۟ ٱلطَّٰغُوتَ
അല്ലാഹു സന്മാർഗത്തിലേക്കു നയിച്ചു =هَدَى ٱللَّهُ അവരിൽ ചിലർ ഉണ്ട്(അങ്ങനെ ജനങ്ങളിൽ ഒരു വിഭാഗത്തെ) =فَمِنْهُم مَّنْ
അവരിൽ ചിലർ ഉണ്ട്(മറ്റൊരു വിഭാഗത്തെയാകട്ടെ) =وَمِنْهُم مَّنْ
മാർഗഭ്രംശം =ٱلضَّلَٰلَةُ അവന്റെ മേൽ ദുർമാർഗം യാഥാർഥ്യമായി(അവനെ കീഴടക്കിക്കളഞ്ഞു) =حَقَّتْ عَلَيْهِ
എന്ത്, എങ്ങനെ ആയിരുന്നു =كَيْفَ كَانَ എന്നിട്ടു നോക്കുവിൻ =فَٱنظُرُوا۟ ഭൂമിയിൽ =فِى ٱلْأَرْضِ നിങ്ങൾ സഞ്ചരിക്കുവിൻ =فَسِيرُوا۟
നീ(എത്രതന്നെ) കൊതിച്ചെങ്കിലും =إِن تَحْرِصْ (സത്യ-ധർമങ്ങൾ) തള്ളിപ്പറഞ്ഞവരുടെ =ٱلْمُكَذِّبِينَ പര്യവസാനം, പരിണതി =عَٰقِبَةُ
അല്ലാഹു സന്മാർഗദർശനം നൽകുന്നില്ല =فَإِنَّ ٱللَّهَ لَا يَهْدِى അവരുടെ സന്മാർഗത്തിൽ(അവർ സന്മാർഗം പ്രാപിക്കണമെന്ന്) =عَلَىٰ هُدَىٰهُمْ
സഹായികളാൽ(സഹായിക്കാൻ) =مِّن نَّٰصِرِينَ അവർക്ക് ഇല്ല(ആരാലും സാധ്യവുമല്ല) =وَمَا لَهُم അവൻ വഴിതെറ്റിക്കുവന്നവർക്ക് =مَن يُضِلُّ

**35.** പ്രവാചകനും പ്രവാചക സന്ദേശത്തിനുമെതിരെ അവിശ്വാസികൾ ഉന്നയിച്ചിരുന്ന മൂന്നാമത്തെ ന്യായമാണ് ഇവിടെ പരാമർശിക്കുന്നത്. ദൈവം സർവജ്ഞനും സർവശക്തനുമാണല്ലോ. അവന്റെ അനുമതിയില്ലാതെ പ്രപഞ്ചത്തിൽ യാതൊന്നും സംഭവിക്കുന്നില്ല. ഇവിടെ നടക്കുന്നതെന്തും അവന്റെ അറിവോടും സമ്മതത്തോടും കൂടി തന്നെയാണ് നടക്കുന്നത്. ഞങ്ങൾ ബഹുദൈവങ്ങളിൽ വിശ്വസിക്കുകയും വിഗ്രഹങ്ങളെ ആരാധിക്കുകയും ചെയ്യുന്നുവെങ്കിൽ അതും അവന്റെ നിശ്ചയമാണ്. ഈ നടപടി അവന്റെ ഇഷ്ടത്തിനെതിരായിരുന്നുവെങ്കിൽ ഞങ്ങൾ ഒരിക്കലും വിഗ്രഹാരാധന നടത്തുകയോ സാഇബ, വസ്വീല തുടങ്ങിയ നേർച്ച മൃഗങ്ങളുടെ മാംസം നിഷിദ്ധമാക്കുകയോ ചെയ്യുമായിരുന്നില്ല (സാഇബ, വസ്വീല മുതലായവയെക്കുറിച്ച് *അൽമാഇദ* 103-ാം സൂക്തത്തിനു താഴെ വിവരിച്ചിട്ടുണ്ട്). ഇന്നിന്നതൊക്കെ ചെയ്യണമെന്ന് നിശ്ചയിച്ചുകൊണ്ട് അല്ലാഹു ഞങ്ങളെ ഇങ്ങോട്ടയക്കുക, എന്നിട്ട് അതൊന്നും ചെയ്യാൻ പാടില്ലെന്ന് കൽപിക്കാൻ പുറകെ പ്രവാചകനെയും അയക്കുക. എന്താണിതിന്റെ യുക്തി? ഞങ്ങൾ എന്തെങ്കിലും കാര്യം ചെയ്യാൻ പാടില്ലെന്ന് അല്ലാഹു വിചാരിക്കുന്നുവെങ്കിൽ അത് ചെയ്യാനുള്ള ശക്തിയും സൗകര്യവും ഇല്ലാതാക്കിയാൽ പോരെ? ഒരു പ്രവാചകനെ അയച്ച് വിലക്കേണ്ട കാര്യമെന്താണ്? അതുകൊണ്ട് ഇയാൾ ദൈവദൂതനാണെന്നും, പരമ്പരാഗതമായി തുടർന്നുവരുന്ന വിശ്വാസാചാരങ്ങൾ പാടില്ലെന്ന് ഇയാളിലൂടെ ദൈവം നമ്മോട് കൽപിക്കുന്നുവെന്നുമൊക്കെ പറയുന്നത് ശുദ്ധ ഭോഷ്ക്കാണെന്നത്രെ ഞങ്ങളുടെ നിലപാട്.

ഇത്തരം കുതർക്കങ്ങൾ പുതിയതല്ല. സത്യവും ധർമവും നിഷേധിച്ച് സ്വേഛാനുസാരം ജീവിക്കാനിഷ്ടപ്പെടുന്നവർ സ്വേഛകളെ ധർമവും ദൈവഹിതവുമാക്കി ചിത്രീകരിച്ചുകൊണ്ട് സത്യപ്രബോധകരെ തോൽപിക്കാൻ പണ്ടുമുതലേ ശ്രമിച്ചുവന്നിട്ടുള്ളതാണ്. ഇനിയുള്ള കാലത്തും അത്തരക്കാർ അതുതന്നെ ചെയ്തുകൊണ്ടിരിക്കും.

فَهَلْ عَلَى ٱلرُّسُلِ.......... എന്നു തുടങ്ങുന്ന വചനം ഈ വാദത്തിനുള്ള മറുപടി ഉൾക്കൊള്ളുന്നു. അതായത്, മുഹമ്മദ് നബി സത്യപ്രവാചകനാണെങ്കിൽ നിഷേധികളെയെല്ലാം താൻ പ്രബോധനം ചെയ്യുന്ന മതത്തിന്റെ അനുയായികളാക്കാൻ അദ്ദേഹത്തിന് കഴിയേണ്ടതാണ്. അതാണല്ലോ അല്ലാഹു വിധിച്ചിട്ടുള്ളത്. ഇത് ചെയ്യാൻ മുഹമ്മദിന് കഴിയുന്നില്ല എന്നതുതന്നെ അദ്ദേഹം പ്രവാചകനല്ലെന്നും ഞങ്ങൾ അദ്ദേഹത്തിന്റെ മതം സ്വീകരിക്കണമെന്ന് ദൈവവിധിയില്ലെന്നും തെളിയിക്കുന്നു എന്ന വാദം തെറ്റാണ്. ആളുകളെ സത്യസന്ദേശങ്ങൾ സ്വീകരിക്കാൻ നിർബന്ധിതരാക്കുക, അല്ലെങ്കിൽ ബലാൽക്കാരം സ്വീകരിപ്പിക്കുക എന്നത് പ്രവാചകന്മാരുടെ ചുമതലയേ അല്ല. സന്ദേശം സുവ്യക്തമായും സുഗ്രാഹ്യമായും ജനങ്ങളിൽ എത്തിക്കുക മാത്രമാണ് പ്രവാചകന്റെ ദൗത്യം. അത് ചെയ്തുകഴിയുന്നതോടെ പ്രവാചകൻ സ്വന്തം ഉത്തരവാദിത്വം നിർവഹിച്ചുകഴിഞ്ഞു. സന്ദേശം സ്വീകരിക്കലും നിരസിക്കലും ജനങ്ങളുടെ സ്വാതന്ത്ര്യമാണ്. സ്വീകരിച്ചവർക്ക് അതിന്റെ ഫലമനുഭവിക്കാം. നിഷേധിച്ചവർക്ക് നിഷേധത്തിന്റെ ഫലവുമനുഭവിക്കാം.

സത്യാസത്യങ്ങൾ പരിഗണിക്കാതെ തന്നിഷ്ടപ്രകാരമുള്ള ആശയങ്ങളും ആചാരങ്ങളും അനുധാവനം ചെയ്യുന്നതിന് വിധിവിശ്വാസത്തെ മറയാക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്. തങ്ങൾ ചെയ്യുന്നതൊക്കെയും വിധിവിഹിതമാണ്. വിധിവിഹിതമനുഷ്ഠിച്ചതിന്റെ പേരിൽ വിധാതാവ് ശിക്ഷിക്കുന്നതെങ്ങനെ? ഇതെപ്പറ്റി സൂറ *അൽഅൻആമിൽ* പരാമർശിച്ചിട്ടുണ്ട്.

പ്രപഞ്ചം അല്ലാഹുവിന്റെ സൃഷ്ടിയാണ്. അതിലെ ഓരോ അണുവും പ്രവർത്തിക്കുന്നത് അവൻ നിശ്ചയിച്ച വ്യവസ്ഥ പ്രകാരമാണ്. ഓരോ അണുവിനെക്കുറിച്ചും അവന് വ്യക്തമായ അറിവുണ്ട്. ഇതാണ് അല്ലാഹുവിന്റെ പൂർവ നിശ്ചിതമായ വിധി. ഈ വിധിയിൽ നിന്ന് ആർക്കും അണുഅളവ് വ്യതിചലിക്കാനാവില്ല. അനിഷേധ്യമായ സത്യമാണിത്. ഇതോടൊപ്പം തന്നെ സൃഷ്ടികൾക്ക് ചില പ്രവർത്തന സ്വാതന്ത്ര്യങ്ങളും അല്ലാഹു നൽകിയിട്ടുണ്ട്. ഈ സ്വാതന്ത്ര്യം സൃഷ്ടികൾക്ക് എങ്ങനെ വേണമെങ്കിലും ഉപയോഗിക്കാം. എങ്കിലും എപ്രകാരം ഉപയോഗിക്കുന്നതാണ് താൻ ഇഷ്ടപ്പെടുന്നതെന്നും അവൻ വ്യക്തമാക്കിയിരിക്കുന്നു. അതാണ് അവന്റെ പ്രീതി (رضى). സൃഷ്ടി അതിന്റെ സ്വാതന്ത്ര്യം അല്ലാഹുവിന്റെ രിദ പ്രകാരം ഉപയോഗിക്കുന്നതിന്റെയും രിദായെ അവഗണിച്ചുകൊ

ണ്ട് ഉപയോഗിക്കുന്നതിന്റെയും ഫലം പരസ്പര വിരുദ്ധമായിരിക്കും. ഉദാഹരണം; മനുഷ്യന്റെ കായികശേഷി കൃഷി ചെയ്യാനും വിഹിതമായ വ്യാപാര-വ്യവസായങ്ങൾക്കും ഉപയോഗിക്കാം. വേണമെങ്കിൽ മറ്റുള്ളവരെ ആക്രമിക്കാനും നാട്ടിൽ നാശമുണ്ടാക്കാനും ഉപയോഗിക്കാം. രണ്ടിന്റെയും ഫലം വ്യത്യസ്തമായിരിക്കുമല്ലോ. ആദ്യത്തേത് അല്ലാഹുവിന്റെ പ്രീതിയുടെതാണെങ്കിൽ രണ്ടാമത്തേത് അപ്രീതിയുടേതാണ്. എന്നാൽ ഈ രണ്ട് വിധത്തിലുള്ള പ്രവർത്തനവും അല്ലാഹു നിശ്ചയിച്ചു വെച്ച വ്യവസ്ഥ (مشيئة) പ്രകാരമാണ് നടക്കുന്നത്. പക്ഷേ മശീഅത്ത് അനുസരിച്ച് നടക്കുന്നതെല്ലാം അവന്റെ രിദാ അനുസരിച്ചാവണമെന്നില്ല. ഒരു ഉദാഹരണം: ആളുകൾക്ക് വിഹിതമായ ആവശ്യങ്ങൾക്കു വേണ്ടി സഞ്ചരിക്കാൻ സർക്കാർ റോഡ് വെട്ടുകയും വാഹനങ്ങളേർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഈ റോഡുകളിലൂടെ കള്ളന്മാരും കൊള്ളക്കാരും സഞ്ചരിക്കുമെന്ന് സർക്കാറിനറിയാം. ചിലർ അനാവശ്യമായി സഞ്ചരിക്കുമെന്നും അറിയാം. എന്നാൽ സർക്കാർ റോഡുകളും വാഹനങ്ങളും ഏർപ്പെടുത്തിയത് കളവിനും കൊള്ളക്കും ന്യായീകരണമാകുന്നില്ലല്ലോ. അല്ലാഹുവിന്റെ ജ്ഞാനം സമഗ്രവും കാലാദേശാതീതവുമാകയാൽ ആ റോഡിലൂടെ ആരൊക്കെ എന്തെല്ലാം ഉദ്ദേശ്യങ്ങളോടെ എപ്പോഴൊക്കെ സഞ്ചരിക്കുമെന്ന് അവന് നേരത്തെ അറിയാം എന്ന വ്യത്യാസമേയുള്ളൂ.

ആ അറിവ് പക്ഷേ മനുഷ്യന്റെ ഇഛാശക്തിയെയോ സ്വാതന്ത്ര്യത്തെയോ തെല്ലും സ്പർശിക്കുന്നില്ല. ഞാൻ ഒരു കാര്യം -അതു തെറ്റാവട്ടെ, ശരിയാവട്ടെ- ചെയ്യുന്നത് അല്ലാഹു എന്റെ പേരിൽ അത് വിധിച്ചു വെച്ചിട്ടുള്ളതിനാൽ ചെയ്യാതിരിക്കാനാവാത്തതുകൊണ്ടല്ല; ചെയ്യാൻ ഞാൻ ആഗ്രഹിച്ചതുകൊണ്ടും എനിക്കതിന് സ്വാതന്ത്ര്യമുള്ളതുകൊണ്ടുമാണ്. സ്വന്തമായ ഈ തീരുമാനവും സ്വതന്ത്രമായ പ്രവർത്തനവുമാണ് വിചാരണ ചെയ്യപ്പെടുന്നതും രക്ഷാശിക്ഷകൾക്ക് വിധേയമാകുന്നതും.

മനുഷ്യൻ അറിയാതെ തന്റെ സ്വാതന്ത്ര്യം ദുരുപയോഗം ചെയ്യാതിരിക്കാൻ വേണ്ട ഏർപ്പാടുകൾ അല്ലാഹു ചെയ്തു വെച്ചിട്ടുണ്ട്. മനുഷ്യ മനസ്സിൽ തന്നെ നന്മ തിന്മകളുടെ നൈസർഗികബോധം നിക്ഷേപിച്ചിരിക്കുന്നു.

وَنَفْسٍ وَمَا سَوَّىٰهَا ﴿٧﴾ فَأَلْهَمَهَا فُجُورَهَا وَتَقْوَىٰهَا (മനസ്സും അതിനെ സന്തുലിതമാക്കിയതുമാണ, എന്നിട്ടവൻ അതിന്റെ ധർമവും അധർമവും ബോധിപ്പിച്ചിരിക്കുന്നു–91: 7,8). അതിനു ശേഷം പ്രവാചകന്മാരെ നിയോഗിച്ചു മനുഷ്യർക്കിടയിൽ ധർമ പ്രബോധനം നടത്തിച്ചു. വേദഗ്രന്ഥങ്ങളവതരിപ്പിച്ചു. ഇതെല്ലാം ഉണ്ടായിട്ടും തെറ്റായ ജീവിതക്രമം അവലംബിക്കുന്നുവെങ്കിൽ അത് മനുഷ്യന്റെ മാത്രം കുറ്റമാകുന്നു. ഒരുവൻ അധർമം ചെയ്യുന്നതിലോ, ധർമം ചെയ്യുന്നതിലോ അല്ലാഹുവിന് ഒരു ലാഭവുമില്ല; നഷ്ടവുമില്ല. അവൻ സൃഷ്ടിപ്രപഞ്ചത്തിന് സുഭദ്രമായ ഒരു സംവിധാനം നിശ്ചയിച്ചിരിക്കുകയാണ്. സൃഷ്ടികളുടെ വ്യത്യസ്ത ചലനങ്ങൾക്ക് അവയുടെ ഭൗതികമായ (عاجل) ഫലവും പാരത്രികമായ (آجل) ഫലവുമുണ്ടാവുക എന്നത് ആ വ്യവസ്ഥയുടെ ഭാഗമാണ്. മനുഷ്യകർമങ്ങളുടെ ഗുണദോഷങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകാൻ പ്രവാചകന്മാരെ അയച്ചു തന്നത് അവന്റെ മഹത്തായ ഔദാര്യമാണ്. സൂറ *അസ്സുമർ* 7-ാം സൂക്തത്തിൽ പറയുന്നു:

إِن تَكْفُرُوا۟ فَإِنَّ ٱللَّهَ غَنِىٌّ عَنكُمْ ۖ وَلَا يَرْضَىٰ لِعِبَادِهِ ٱلْكُفْرَ ۖ وَإِن تَشْكُرُوا۟ يَرْضَهُ لَكُمْ ۗ وَلَا تَزِرُ وَازِرَةٌ وِزْرَ أُخْرَىٰ ۗ ثُمَّ إِلَىٰ رَبِّكُم مَّرْجِعُكُمْ فَيُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ۚ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ ﴿٧﴾

(നിങ്ങൾ സത്യധർമങ്ങൾ നിഷേധിച്ച് വാഴുകയാണെങ്കിൽ അല്ലാഹു നിങ്ങളുടെ ആശ്രയമൊന്നും ഒട്ടും വേണ്ടാത്തവനാകുന്നു. എങ്കിലും തന്റെ ദാസന്മാർ സത്യധർമങ്ങൾ നിഷേധിക്കുന്നത് അവൻ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ നന്ദിയുള്ളവരാകുന്നുവെങ്കിൽ അതാണവൻ ഇഷ്ടപ്പെടുന്നത്. പാപഭാരം വഹിക്കുന്നവരാരും അന്യന്റെ ഭാരം വഹിക്കുകയില്ല).

ഇതാണ് അല്ലാഹുവിന്റെ രീതി. അവൻ മനുഷ്യർക്ക് അവനിൽ വിശ്വാസമർപ്പിക്കാനും അവനെ നിഷേധിക്കാനും സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. രണ്ട് കൂട്ടർക്കും അവർ തെരഞ്ഞെടുത്ത വഴിയിലൂടെ സഞ്ചരിക്കാൻ സൗകര്യമൊരുക്കുകയും ചെയ്തിരിക്കുന്നു. ബോധപൂർവം അസത്യം തെരഞ്ഞെടുത്തവരെ അതിന്റെ മാർഗത്തിലൂടെ നയിക്കുന്നു. സത്യം തെരഞ്ഞെടുത്തവരെ അതിന്റെ മാർഗത്തിലൂടെയും നയിക്കുന്നു. രണ്ട് മാർഗത്തെയും അല്ലാഹുവിന്റെ മശീഅത്ത് ഉൾക്കൊള്ളുന്നു. എങ്കിലും അവർ സത്യം തെരഞ്ഞെടുത്ത് അതിന്റെ മാർഗത്തിൽ ചരിക്കുന്നതാണ് അവനിഷ്ടം. അതാണ് അല്ലാഹുവിന്റെ പ്രീതി (رضى).

**36.** എല്ലാ മനുഷ്യസമൂഹങ്ങളിലും അല്ലാഹുവിന്റെ ദൂതന്മാർ നിയുക്തരായിട്ടുണ്ട്. പ്രവാചക നിയോഗത്തിന്റെ കാലഘട്ടങ്ങളിൽ, അതത് സമുദായങ്ങളിൽ നിന്ന് യോഗ്യനായ വ്യക്തിയെ തെരഞ്ഞെടുത്ത് ദിവ്യസന്ദേശം നൽകി പ്രബോധകരായി നിയോഗിക്കുകയായിരുന്നു പതിവ്. അന്ത്യപ്രവാചകനു ശേഷം, അവസാനവേദമായ വിശുദ്ധ ഖുർആൻ സുരക്ഷിതമായി സംരക്ഷിക്കപ്പെടുകയും പ്രവാചക ശിഷ്യന്മാരാൽ അത് പ്രബോധനം ചെയ്യപ്പെടുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇങ്ങനെ പ്രവാചകന്മാരിലൂടെയോ, അവരുടെ ശിഷ്യന്മാരിലൂടെയോ ഏതെങ്കിലും വിധത്തിൽ ദൈവിക സന്ദേശം കേൾപ്പിക്കപ്പെടാത്ത ഒരു സമുദായവുമില്ല.

അല്ലാഹുവിന് വഴിപ്പെടുക, താഗൂത്തിനെ വർജിക്കുക എന്നാണ് എല്ലാ പ്രവാചകന്മാരുടെയും സന്ദേശസാരം. اَعْبُدُوا۟ ٱللَّهَ وَٱجْتَنِبُوا۟ ٱلطَّٰغُوتَ എന്നാണ് മൂലവാക്യം. ഇവിടെ ഇബാദത്ത് അതിന്റെ മുഴുവൻ അർഥങ്ങളും ഉദ്ദേശിച്ചുകൊണ്ടാണ് ഉപയോഗിച്ചിരിക്കുന്നത്. അതായത് ആരാധനയും അടിമത്തവും അനുസരണവുമെല്ലാം അല്ലാഹുവിന് സമർപ്പിക്കുക. മറ്റു വാക്കിൽ പറഞ്ഞാൽ ജീവിതം അല്ലാഹുവിന്റെ പ്രീതിക്ക് സമർപ്പിക്കുക. ദൈവേതര ദുശ്ശക്തികളെ വർജിക്കുക. മൂലപദമായ *ത്വാഗൂത്ത്* طاغوت ന്റെ അർഥം സൂറ *അൽബഖറ* 256-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. ഈ സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് ഉസ്താദ് വഹ്ബതുസ്സുഹൈലി തന്റെ തഫ്സീറിൽ താഗൂത്തിന് അർഥം നൽകിയിരിക്കുന്നതിങ്ങനെയാണ്:

الطاغوت كل ما عبد من دون الله والمراد اجتنبوا ما يدعو اليه مما نهى عنه الشرع ويشمل الطاغوت الشيطان والكاهن والصنم وكل من دعا الى ضلال

(അല്ലാഹുവല്ലാത്ത ഇബാദത്ത് ചെയ്യപ്പെടുന്നതെല്ലാം താഗൂത്താകുന്നു. അത് പ്രബോധനം ചെയ്യുന്ന, ശരീഅത്ത് നിരോധിച്ച കാര്യം വർജിക്കുക എന്നാണുദ്ദേശ്യം. ചെകുത്താനും

ജോത്സ്യനും വിഗ്രഹവും മാർഗഭ്രംശത്തിലേക്ക് ക്ഷണിക്കുന്ന എല്ലാം താഗൂത്തിൽ ഉൾപ്പെടുന്നു). അല്ലാഹുവിനുള്ള ഇബാദത്തിന്റെ താൽപര്യമാണ് താഗൂത്തിന്റെ വർജനം. അതില്ലാതെ അല്ലാഹുവിനുള്ള ഇബാദത്ത് പൂർണമാകുന്നില്ല. താഗൂത്തിനെ ആരാധിക്കുന്നതു വർജിക്കുക (اجتنبوا عبادة الطاغوت) എന്നല്ല താഗൂത്തിനെ തന്നെ വർജിക്കുക എന്നാണ് കൽപന. അല്ലാഹുവിനും അവന്റെ ദീനിനും എതിരാകുന്ന എന്തും വർജിക്കപ്പെടേണ്ടതാണ്. അല്ലാഹു സൃഷ്ടിച്ച അടിമകളായ മനുഷ്യർ അല്ലാഹുവിനെ ആരാധിച്ചും അവൻ അനുശാസിച്ച ധർമങ്ങളനുസരിച്ചും, അവന് എതിരായ സകല ദുശ്ശക്തികളെയും അവരുടെ ദുഷ്പ്രേരണകളെയും വർജിച്ചും വാഴണം എന്നതായിരുന്നു എല്ലാ പ്രവാചകന്മാരും പ്രബോധനം ചെയ്ത സന്ദേശം. ബഹുദൈവങ്ങളിൽ വിശ്വസിക്കാനോ, വിഗ്രഹങ്ങളെ ആരാധിക്കാനോ ഒരു പ്രവാചകനും ഉപദേശിച്ചിട്ടില്ല. ജനങ്ങളും അവരുടെ പിതൃക്കളും വിഗ്രഹങ്ങളെ ആരാധിച്ചുവെങ്കിൽ അത് അല്ലാഹുവിന്റെ അനുശാസനമനുസരിച്ചുണ്ടായ സമ്പ്രദായമല്ല, മറിച്ച് അവർ തങ്ങൾക്ക് ഇഷ്ടമുള്ള ദൈവങ്ങളെ സ്വയം സൃഷ്ടിക്കുകയായിരുന്നു.

ജഡികേഛകൾക്കും ആസക്തികൾക്കുമപ്പുറം സത്യവും ധർമവും അന്വേഷിച്ചവർ പ്രവാചകന്മാരുടെ സന്ദേശത്തിൽ തൽപരരാവുകയും അങ്ങനെ അല്ലാഹു അവർക്ക് സന്മാർഗലബ്ധിക്കുതവിയരുളുകയും ചെയ്തു. ധാരാളമാളുകൾ സ്വന്തം ദേഹേഛകളെയും ആസക്തികളെയും നിയന്ത്രിക്കുന്നയാതൊന്നും കൈക്കൊള്ളാൻ തയാറായില്ല. അവർ തങ്ങൾ തെരഞ്ഞെടുത്ത തെറ്റായ മാർഗത്തിലൂടെ തന്നെ സഞ്ചരിക്കാൻ ശഠിച്ചു. അത്തരക്കാരെ ആ വഴിക്കുതന്നെ പോകാൻ അല്ലാഹു അനുവദിച്ചു. അതാണ് അവരുടെ വിധി. മനുഷ്യരെ നിർബന്ധമായും സന്മാർഗത്തിൽ അല്ലെങ്കിൽ ദുർമാർഗത്തിൽ തന്നെ ചേർക്കണമെന്ന് അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവനത് അനായാസം കഴിയുമായിരുന്നു. മനുഷ്യൻ സന്മാർഗമോ ദുർമാർഗമോ ബോധപൂർവം തെരഞ്ഞെടുത്ത് അതുവഴി രക്ഷക്കോ ശിക്ഷക്കോ സ്വയം അർഹനായിത്തീരണമെന്നാണ് അവൻ ഉദ്ദേശിച്ചത്. സത്യവും ധർമവും തള്ളിക്കളയുന്നവരെ അസത്യവും അധർമവും കീഴടക്കുക അനിവാര്യമാകുന്നു. അങ്ങനെ സത്യ-ധർമങ്ങൾ തള്ളിപ്പറഞ്ഞതുകൊണ്ട് മാർഗഭ്രംശത്താൽ കീഴടക്കപ്പെട്ടവരുടെ പരിണതിയും പര്യവസാനവും ചൂണ്ടിക്കാണിക്കുന്ന എത്രയോ ചരിത്ര സാക്ഷ്യങ്ങൾ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നവർക്ക് കാണാവുന്നതാണ്.

**37.** ഖുറൈശികൾ പ്രവാചകനെയും ഇസ്‌ലാമിനെയും രൂക്ഷമായി എതിർക്കുകയും മുസ്‌ലിംകൾക്കെതിരെ മർദനമുറകളഴിച്ചുവിടുകയും ചെയ്തുകൊണ്ടിരുന്നപ്പോഴും അവർ സത്യവിശ്വാസം കൈക്കൊണ്ടുകാണാൻ നബി(സ) അതിയായി കൊതിച്ചിരുന്നു. തന്നെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്യുന്ന സമൂഹത്തെ ശിക്ഷിക്കണമെന്നോ, നശിപ്പിക്കണമെന്നോ തിരുമേനി പ്രാർഥിച്ചിരുന്നില്ല. സന്മാർഗം സ്വീകരിച്ച് അവർ ഈ ലോകത്തും പരലോകത്തും പാപമുക്തരും രക്ഷിക്കപ്പെട്ടവരുമാകണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചത്. ആളുകൾ സന്മാർഗം സ്വീകരിക്കാത്തത് തന്റെ ദൗത്യനിർവഹണത്തിലുള്ള വീഴ്ചയാകുമോ എന്നദ്ദേഹം ഭയപ്പെടുകയും ചെയ്തിരുന്നു. ഈ ആശങ്കക്കുള്ള സാന്ത്വനമായിട്ടാണ്, പ്രവാചകന്റെ ഉത്തരവാദിത്വം ദൈവികസന്ദേശം ജനങ്ങളിലെത്തിക്കുക മാത്രമാണെന്നും ജനങ്ങൾ അത് തള്ളുകയോ, കൊള്ളുകയോ ചെയ്യുന്നതിന് അദ്ദേഹം ഉത്തരവാദിയാകുന്നില്ലെന്നും ഖുർആൻ അടിക്കടി ഓർമിപ്പിക്കുന്നത്. എന്നിട്ടും പ്രവാചകൻ രാപ്പകൽ അവരുടെ പിമ്പെ നടക്കുകയായിരുന്നു. അതേക്കുറിച്ച് പറയുകയാണ്: പ്രവാചകൻ എത്ര കൊതിച്ചാലും അവർ സന്മാർഗം സ്വീകരിച്ചുകൊള്ളണമെന്നില്ല. മനുഷ്യർ സന്മാർഗം പ്രാപിക്കുന്നതിന് അല്ലാഹു പ്രകൃതിയിൽ ചില നിയമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സത്യവും സന്മാർഗവും കണ്ടെത്തണമെന്നും കണ്ടെത്തിയാൽ അത് പിന്തുടരണമെന്നുമുള്ള നൈസർഗിക ബോധം-മനസ്സാക്ഷി-ഉണർന്നിരിക്കണം. ദേഹേഛകളാലും ക്ഷണിക വികാരങ്ങളാലും മനസ്സാക്ഷിയെ അടിച്ചമർത്തിയവർക്ക് എത്ര തന്നെ പ്രകാശിതമായാലും സത്യം കാണാനാവില്ല. അല്ലാഹുവിന്റെ നിയമമനുസരിച്ച് മാർഗഭ്രഷ്ടരായവരാണവർ. അവരെ സഹായിച്ച് സന്മാർഗത്തിലെത്തിക്കാനും ആർക്കും സാധിക്കുകയില്ല. സൂറ *അൽഖസ്വസ്* 56-ാം സൂക്തം പ്രവാചകനെ ഓർമിപ്പിക്കുന്നു: إِنَّكَ لَا تَهْدِي مَنْ أَحْبَبْتَ وَلَٰكِنَّ اللَّهَ يَهْدِي مَن يَشَاءُ (നീ ആഗ്രഹിക്കുന്നവരെ സന്മാർഗത്തിലാക്കാൻ നിനക്ക് കഴിയില്ല. പ്രത്യുത അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് സന്മാർഗമരുളുകയാണ്). അല്ലാഹു ഉദ്ദേശിക്കുന്നവരാരാണെന്ന് സൂറ *അൻകബൂത്ത്* 69-ാം സൂക്തത്തിൽ വ്യക്തമാക്കിയിരിക്കുന്നു:

وَالَّذِينَ جَاهَدُوا فِينَا لَنَهْدِيَنَّهُمْ سُبُلَنَا (നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നവരെ നാം നമ്മുടെ മാർഗങ്ങളിലേക്ക് നയിക്കുന്നു). സന്മാർഗബോധവും സത്യാന്വേഷണവുമാണീ പരിശ്രമം. ●